# അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ നിഷേധിച്ചാൽ

അല്ലാഹുﷻ പറഞ്ഞു:

﴿ وَهُمۡ يَكۡفُرُونَ بِٱلرَّحۡمَٰنِۚ ﴾

(........അവരാകട്ടെ, പരമകാരുണികനിൽ അവിശ്വസിക്കുന്നു...........)

(വി.ക്വു. 13:30) അലിؓവിൽനിന്ന്: ''(സ്ഥിരപ്പെട്ടതും സ്വഹീഹും) ആളുകൾ അറിയുന്നതുമായ (ഹദീഥുകളെ) നിങ്ങൾ ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുക. അല്ലാഹുവും അവന്റെ ദൂതനും കളവാക്കപ്പെടുവാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്.'' (ബുഖാരി)

ഇബ്നു അബ്ബാസ്ؓവിൽ നിന്ന്: അദ്ദേഹം ഒരു വ്യക്തിയെ കണ്ടു; അയാൾ അല്ലാഹുവിന്റെ സ്വിഫാത്തിൽ (വിശേഷണങ്ങളിൽ) ഒരു ഹദീഥ് കേട്ടപ്പോൾ (അതിന്റെ ആശയത്തിൽ) നിഷേധാത്മകമായി തള്ളുന്ന തരത്തിൽ ചാടികുടഞ്ഞു. അദ്ദേഹം (ഇബ്നു അബ്ബാസ്) ചോദിച്ചു: ഈ കൂട്ടരുടെ ഭയപ്പാട് എന്താണ്? അവർ വിശുദ്ധ ക്വുർആനിൽ നിന്നുള്ള 'മുഹ്കമായ' വചനങ്ങൾ (കേൾക്കുമ്പോൾ) ഭയക്കുന്നു. അതിലെ 'മുതശാബിഹ്' (കേൾക്കുമ്പോൾ) അവർ നശിക്കുകയും ചെയ്യുന്നു. [1]

റസൂലുല്ലാഹിﷺ, ''റഹ്മാൻ'' എന്ന് പറയുന്നത് ക്വുറൈശികൾ കേട്ടപ്പോൾ അവർ അത് നിഷേധിച്ചു. അപ്പോഴാണ് അല്ലാഹുﷻ, അവരുടെ വിഷയത്തിൽ (....അവരാകട്ടെ, പരമകാരുണികനിൽ അവിശ്വസിക്കുന്നു.....) എന്ന വചനം അവതരിപ്പിച്ചത്. [2]

[1] മുസ്വന്നഫ്, അബ്ദുർ റസ്സാക്ക്. ഇതിന്റെ സനദ് 'സ്വഹീഹാ'കുന്നു.
[2] ഹുദൈബിയാ ദിനമാണ് മുശ്രിക്കുകളിൽ നിന്ന് പ്രസ്തുത നിഷേധം ഉണ്ടായത്. തഫ്സീറു ഇബ്നി ജരീറും തഫ്സീറു ഇബ്നി കഥീറും നോക്കുക.

# കിതാബുത്തൗഹീദ് 2

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- അല്ലാഹുﷻയുടെ നാമവിശേഷണങ്ങളിൽ വല്ലതും നിഷേധിച്ചാൽ ഈമാൻ നഷ്ടമാകും.
- ശ്രോതാവിന് മനസ്സിലാകാത്ത രീതിയിലുള്ള സംസാരം ഉപേക്ഷിക്കൽ.
- അതിന്റെ കാരണം ഉണർത്തൽ. അഥവാ അത് അല്ലാഹുﷻയേയും തിരുദൂതനേയും കളവാക്കുന്നിടത്ത് കൊണ്ടെത്തിക്കും. കളവാക്കുന്നവൻ ബോധപൂർവ്വം ചെയിതില്ലെങ്കിലുംശരി.
- വിശേഷണങ്ങളെ നിഷേധഭാവത്തിൽ സമീപിച്ചവനോട് 'അവൻ നശിച്ചിരിക്കുന്നു' എന്ന ഇബ്നുഅബ്ബാസ്رضي الله عنهവിന്റെ സംസാരം.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ**
**കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**